# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1853, 16/02/2016-ലെ മറുപടിക്ക്

### ചാത്തന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
|---|---|

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂരിൽ സബ്ട്രഷറി സ്ഥാപിക്കുന്നതിലേക്കായി സൗജന്യമായി ഭൂമി ട്രഷറി വകുപ്പിന് ലഭിച്ചിരുന്നുവോ; എങ്കിൽ എത്ര സെന്റ് ഭൂമി; എന്നാണ് ലഭിച്ചതെന്ന് അറിയിക്കുമോ ; | : | 24/11/2011 ജി.ഒ (എം.എസ്) നം. 430/2011/റവന്യൂ സർക്കാർ ഉത്തരവ് പ്രകാരം ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 30-ലെ റീ സർവ്വെ 158/2-ൽ 4.05 ആർ റവന്യൂ ഭൂമി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ട്രഷറി വകുപ്പിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമിയിൽ എത്രയും വേഗം കെട്ടിടം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചുവോ; അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | : | അപേക്ഷ ലഭിച്ചിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ (TIDP) ഉൾപ്പെടുത്തി ചാത്തന്നൂർ സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കാവുന്നതാണ്. ഇതിലേയ്ക്കായി വിശദമായ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറോട് ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ചാത്തന്നൂരിൽ പ്രസ്തുത കെട്ടിട നിർമ്മാണം നടത്തുന്നതിലേക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലായെങ്കിൽ എന്നത്തേക്ക് കെട്ടിട നിർമ്മാണം നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | നിലവിൽ തടസ്സങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി സബ് ട്രഷറിയുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ